ചിത്രം തവേഹിതമഹോ *f* മിതയോഗമായാ ഏ
ലീലാവിസൃഷ്ട ഭുവനസ്യ വിശാരദസ്യ
സർവാത്മന: സമദൃശോ വിഷമ: സ്വഭാവോ
ഭക്തപ്രിയോ യദസി കൽപ്പതരുസ്വഭാവ: **(8–23–8)**

*ബന്ധമുക്തനായ ബലി പറഞ്ഞു:*
അവിടുത്തെ പാദാരവിന്ദങ്ങളോടുള്ള ഭക്തിയുടെ മഹിമ വിവരണാതീതമത്രെ. ഭഗവാൻ, ഒരു തവണയെങ്കിലും അവിടുത്തെ ആത്മാർത്ഥമായി വണങ്ങി പൂജിച്ചുവെന്നാൽ ക്രൂരരാക്ഷസനായ എന്നേപ്പോലുള്ളവർക്കുപോലും അനുഗ്രഹസിദ്ധിയുണ്ടാകുന്നു. സ്വർഗ്ഗവാസികൾപോലും കാംക്ഷിക്കുന്ന അപൂർവ്വ സൗഭാഗ്യമത്രെ അത്.

*പ്രഹ്ലാദൻ പറഞ്ഞു:*
ഭഗവൻ, അവിടുത്തെ മാർഗ്ഗങ്ങൾ തികച്ചും അജ്ഞേയങ്ങളത്രെ. അങ്ങ്, വിശ്വനാഥനാണല്ലോ. എന്നിട്ടും നരകലോകം സംരക്ഷിക്കാൻ സ്വയം സന്നദ്ധനായിരിക്കുന്നത് വിചിത്രം തന്നെ. അങ്ങ് അസുരൻമാരെ അനുഗ്രഹിക്കുവാൻ തിരഞ്ഞെടുത്തത് അത്യത്ഭുതത്തോടെയാണ് ഞങ്ങൾ കാണുന്നത്. കാരണം സ്വർഗ്ഗവാസികളും മാമുനിമാരും ആഗ്രഹിക്കുന്നതെന്തോ അതാണ് ഞങ്ങൾക്ക് ലഭ്യമായിരിക്കുന്നത്. അവിടുന്ന് ലീലയായി മാത്രം ഈ വിശ്വത്തെ സൃഷ്ടിച്ചിരിക്കുന്നു. എല്ലാറ്റിലും വിളങ്ങുന്ന ആത്മാവ് അവിടുന്നു തന്നെ. എങ്കിലും സ്വഭക്തന്മാരിൽ അവിടുത്തെ കൃപാസാഗരം ചൊരിയുന്നു. ഭക്തന്മാരോടുള്ള ഈ പ്രത്യേകതയും അത്ഭുതം തന്നെ. കൽപവൃക്ഷം അങ്ങിനെയാണല്ലോ. ആഗ്രഹസഫലീകരണത്തിന് വരുന്നവരുടെ യോഗ്യത നോക്കിയല്ല അങ്ങിനെയുള്ള വൃക്ഷം അവർക്ക് ഫലം നൽകുന്നത്.

*ഭഗവാൻ പറഞ്ഞു:*
പ്രഹ്ലാദരേ, ചെറുമകൻ ബലിയുമായി നരകത്തിൽ പോയി വസിച്ചാലും. അവിടെ ഗദാധാരിയായി എന്നെ എപ്പോഴും കാണാനാവും. എന്നെ ദിനവും നേരിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരുവനെ അജ്ഞത സമീപിക്കുക പോലുമില്ല.

*ശുകമുനി തുടർന്നു:*
ഭഗവാനെ വീണ്ടും വീണ്ടും നമസ്കരിച്ച് ബലിയും പ്രഹ്ലാദനും സുതലമെന്ന നരകത്തിലേക്ക് പോയി. ഭഗവാൻ സ്വയം ശുക്രാചാര്യനോട് കൽപ്പിച്ചതനുസരിച്ച് മുടങ്ങിപ്പോയ യാഗം പൂർത്തിയാക്കി. ശുക്രാചാര്യൻ പറഞ്ഞു. അവിടുത്തെ സാന്നിദ്ധ്യം ഒന്നുകൊണ്ട് മാത്രം ഈ യാഗം പരിപൂർണ്ണതയിലെത്തിയിരിക്കുന്നു. അവിടുത്തെ നാമോച്ചാരണമാത്രയിൽതന്നെ യാഗത്തിലെ പോരായ്മകൾ -തെറ്റായ മന്ത്രോച്ചാരണം തുടങ്ങിയവ- ഇല്ലാതായിരിക്കുന്നു. എങ്കിലും അവിടുത്തെ കൽപനപോലെ ഈ യാഗം ഞാൻ പൂർത്തിയാക്കിക്കൊള്ളാം. ഭഗവാൻ ഇന്ദ്രനെ സ്വർഗ്ഗാധിപനായി വാഴിച്ചു. സ്വയം ഇന്ദ്രാനുജനായ വാമനരൂപത്തിൽ ഭഗവാൻ വിശ്വനാഥനായി. ബ്രഹ്മാവിൻെറ നേതൃത്വത്തിൽ ദേവന്മാരാണ് ഭഗവാനെ വിശ്വസംരക്ഷകനായി അവരോധിച്ചത്. ദേവന്മാരും മുനിമാരും തങ്ങളുടെ ഇടങ്ങളിലേക്ക് മടങ്ങിപ്പോയി. ഭഗവാൻെറ മഹിമകൾ അങ്ങിനെയൊക്കെയാണ് പരിക്ഷിത്തേ. ആർക്കും ആ മഹിമയെ അളക്കാൻ സാദ്ധ്യമല്ല തന്നെ. ഞാൻ പറഞ്ഞു തന്ന ഈ ചരിതം ചെറിയൊരംശം മാത്രമെ ആകുന്നുള്ളൂ. ഈ വാമനാവതാരകഥ എല്ലാ യാഗകർമ്മാദിയവസരങ്ങളിലും പാടേണ്ടതത്രെ. അങ്ങിനെയുള്ള ഭക്തന് പരമപദാനുഗ്രഹം ലഭിക്കുന്നു.